ഉത്തരം

(എ) പ്ളസ്ടു കോഴ്സിനുള്ള അദ്ധ്യാപക നിയമനം പി.എസ്.സി. ക്ക് വിട്ടിട്ടില്ല. 75 ശതമാനം അദ്ധ്യാപകരെ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് വഴി നേരിട്ടും 25 ശതമാനം പേരെ സ്കൂളുകളിൽ നിന്നും യോഗ്യതയുടേയും സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിലും നിയമിക്കുന്നു. എംപ്ളോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നുമുള്ള നിയമനത്തിൽ സംവരണതത്വങ്ങൾ പാലിക്കുന്നുണ്ട്. പ്രൊമോഷൻ നിയമനത്തിൽ സീനിയോറിറ്റിയാണ് മാനദണ്ഡം.

(ബി) പരിശോധിക്കുന്നതാണ്.

17 (1560) പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികൾക്കായുള്ള മോഡൽ റസിഡൻഷ്യൽ സ്കൂൾ

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ കുട്ടികൾക്കായി സംസ്ഥാനത്ത് എത്ര മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ഉണ്ടെന്നറിയിക്കുമോ;

(ബി) ഇവിടെ എത്ര വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം സ്കൂളുകൾ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിന് ഉപയുക്തമായിട്ടുണ്ടോ എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ എന്താണ് ഫലം എന്ന് വ്യക്തമാക്കുമോ;

(ഇ) പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെടാത്തവർക്കും ഇത്തരം വിദ്യാലയങ്ങളിൽ പ്രവേശനം നൽകാറുണ്ടോ;

(എഫ്) എങ്കിൽ അതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 11 എണ്ണം. നൂൽപുഴയിലും, മഞ്ചേരിയിലും ഓരോ ആശ്രമം സ്കൂളും നിലവിലുണ്ട്.

(ബി) 952 വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) മെച്ചപ്പെട്ട പഠന നിലവാരമാണ് ഈ സ്കൂളുകളിൽ നിലവിലുള്ളത്. കഴിഞ്ഞ നാലു വർഷമായി എസ്.എസ്.എൽ.സി. തലംവരെയെത്തിയ തിരുവനന്തപുരം, വയനാട് സ്കൂളുകളിൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ 100 ശതമാനം വിജയം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ഇ)&(എഫ്) ഉണ്ട്. ഓരോ സ്കൂളുകളിലും ഓരോ ക്ളാസ്സിലും അനുവദനീയമായ കുട്ടികളുടെ എണ്ണത്തിൽ 10 ശതമാനം സീറ്റുകൾ മറ്റു വിഭാഗത്തിൽപ്പെട്ടവർക്കായി മാറ്റിവച്ചിട്ടുണ്ട്. പ്രവേശന പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന മറ്റു സമുദായങ്ങളിൽപ്പെടുന്ന കുട്ടികളെ ഇപ്രകാരം തെരഞ്ഞെടുക്കുന്നു. രക്ഷാകർത്താക്കളുടെ വാർഷിക വരുമാനം 30,000/- രൂപ വരെയെന്നുള്ളത് ഇവർക്കും ബാധകമാണ്.

LIBRARY ARCHIVES Kerala Legislative Assembly